ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.03.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1.) മാതൃഭാഷകൾ ഉൾപ്പെടെയുള്ള ഭാഷകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ദേശീയ വിദ്യാഭ്യാസ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി അർജുൻ റാം മേഘ്‌വാൾ.

**Union Minister Arjun Ram Meghwal states that provisions to promote languages, including mother tongues, have been included in the National Education Policy.**

2.) പുതുയുഗ സ്രഷ്ടാക്കളുടെ സർഗശേഷിയെ ശക്തിപ്പെടുത്താനുള്ള വേദിയാണ് വേവ്സ് ഉച്ചകോടിയെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

**Union Minister Ashwini Vaishnaw says that Waves Summit is a platform to strengthen the creative potential of new-age creators.**

3.) ഹോളി ആഘോഷങ്ങളിൽ ഉത്തരേന്ത്യ : ആശംസകൾ നേർന്ന് രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ.

**Festival of colours Holi is being celebrated today. Prominent figures including the President, Vice President, and Prime Minister extend wishes for the celebration of Holi in North India.**

4.) വയനാട് മുണ്ടക്കൈ ദുരന്തം രണ്ടാംഘട്ട എ ലിസ്റ്റിൽ ആറുപേരെ കൂടി ഉൾപ്പെടുത്തി.

**Wayanad Mundakkai disaster: Six more individuals included in the second-phase A-list.**

5.) ലോക പാരാ അത്‌ലറ്റിക്സ് ഗ്രാൻഡ് പ്രിക്സിൽ മെഡൽ പട്ടികയിൽ ഒന്നാം സ്ഥാനത്ത് ഫിനിഷ് ചെയ്ത് ഇന്ത്യ. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ നാളെ മുംബൈ- ഡൽഹി പോരാട്ടം.

India finishes in first place in the medal standings at the World Para Athletics Grand Prix. Mumbai to clash with Delhi in Women's Premier League cricket final tomorrow.

****************************************

## ARJUN RAM MEGHWAL– PUDUCHERRY

ഭരണഘടനയുടെ എട്ടാം പട്ടികയിൽ അംഗീകരിച്ചിട്ടുള്ള മാതൃഭാഷകൾ ഉൾപ്പെടെയുള്ള ഭാഷകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ദേശീയ വിദ്യാഭ്യാസ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി അർജുൻ റാം മേഘ്‌വാൾ. പുതുച്ചേരിയിൽ പത്മശ്രീ അവാർഡ് ജേതാവും തവിൽ മാന്ത്രികനുമായ ദച്ചനമൂർത്തിയെ അനുമോദിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

****************************************

## ASHWINI VAISHNAW (INTRO)

പുതുയുഗ സ്രഷ്ടാക്കളുടെ സർഗശേഷിയെ ശക്തിപ്പെടുത്താനുള്ള വേദിയാണ് വേൾഡ് ഓഡിയോ വിഷ്വൽ ആൻഡ് എന്റർടൈൻമെന്റ് ഉച്ചകോടിയെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ജീവിതത്തിൻറെ എല്ലാ തുറകളിൽ നിന്നുമുള്ളവർക്കും ഉയർന്ന നിലവാരവും മൂല്യവുമുള്ള സൃഷ്ടികൾ അവതരിപ്പിക്കാൻ സാധിക്കുമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു . ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണെന്നും ഇന്ത്യയ്ക്ക് അതിൽ സവിശേഷമായ സ്ഥാനമുണ്ടെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്ത് നൂറ് കോടിയിലധികം ജനങ്ങൾക്ക് മൊബൈൽ ഫോണുകൾ ലഭ്യമാകുന്നുണ്ടെന്നും രാജ്യം സാങ്കേതിക

വിദ്യയിലേക്ക് കടന്നുവന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

**(ഹോൾഡ് വോയിസ്)**

********************************************

## VAISHNAW-FADNAVIS

ക്രിയേറ്റീവ് എക്കോണമിക്കായി നൂറുകോടി രൂപ ചെലവഴിക്കുമെന്നും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. രാജ്യത്തെ ആദ്യ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജി മുംബൈയിലെ ഫിലിം സിറ്റിക്ക് സമീപം ആരംഭിക്കുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു.

********************************************

## REV. WAVES-DELHI EVENT(INTRO)

ജനങ്ങളുടെ വൈവിധ്യത്തെ മനസിലാക്കുന്നതാണ് യഥാർത്ഥ ആഗോളവൽക്കരണം എന്ന് കേന്ദ്രമന്ത്രി എസ് ജയ്ശങ്കർ. ഈ വർഷം മെയ് മാസത്തിൽ മുംബൈയിൽ ആതിഥേയത്വം വഹിക്കുന്ന വേൾഡ് ഓഡിയോ വിഷ്വൽ ആൻഡ് എന്റർടൈൻമെന്റ് സമ്മിറ്റ് വേവ്സിനെക്കുറിച്ചുള്ള സെഷനിൽ ന്യൂഡൽഹിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്) (വോയ്സ്)

********************************************

## DELHI-HOLI

രാജ്യം, ഇന്ന് നിറങ്ങളുടെ ഉത്സവമായ ഹോളി ആഘോഷിക്കും. നിറങ്ങളും മധുര പലഹാരങ്ങളുമായി ഹോളി ആഘോഷമാക്കുകയാണ് ഉത്തരേന്ത്യൻ ജനത. സുരക്ഷാ

ഭീഷണികൾ ഒഴിവാക്കുന്നതിനായി പഴുതടച്ച ക്രമീകരണങ്ങൾ ആണ് രാജ്യത്ത് ഒരുക്കിയിരിക്കുന്നത്.

*************************************

## HOLI GREETINGS

ജനങ്ങൾക്ക് ഹോളി ആശംസകൾ നേർന്ന് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും. സ്നേഹവും ഒരുമയും പകരാൻ ഹോളി നമ്മോട് ആഹ്വാനം ചെയ്യുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു ആശംസിച്ചു. പുതിയ തുടക്കങ്ങളെയാണ് ഹോളി പ്രതിനിധീകരിക്കുന്നതെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ആശംസിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജനങ്ങൾക്ക് ഹോളി ആശംസകൾ നേർന്നു. സന്തോഷവും ആനന്ദവും നിറഞ്ഞ ഈ ഉത്സവം എല്ലാവരുടെയും ജീവിതത്തിൽ പുതു ഊർജ്ജം നിറയ്ക്കുമെന്നും ജനങ്ങൾക്കിടയിൽ ഐക്യത്തിൻറെ നിറങ്ങൾ ചാർത്തുമെന്നും ശ്രീ മോദി സമൂഹമാധ്യമ പോസ്റ്റിൽ ആശംസിച്ചു.

*************************************

## AMIT SHAH – ASSAM VISIT

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് അസമിൽ എത്തും. ഡെർഗാവിലെ ലച്ചിത് ബർഫുകാൻ പോലീസ് അക്കാദമി അദ്ദേഹം സന്ദർശിക്കും. നാളെ രാവിലെ, അത്യാധുനിക പോലീസ് അക്കാദമി അദ്ദേഹം ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് 2 മണിക്ക്, അസം റൈഫിൾസ് സ്ഥാപനങ്ങൾ സോഖാസാങ്ങിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് ഐസ്വാളിൽ നടക്കുന്ന ചടങ്ങിൽ ശ്രീ ഷാ പങ്കെടുക്കും. ഞായറാഴ്ച, ഓൾ ബോഡോ സ്റ്റുഡന്റ്സ് യൂണിയന്റെ 57-ാമത് വാർഷിക സമ്മേളനത്തിൽ ആഭ്യന്തരമന്ത്രി സംബന്ധിക്കും.

****************************************

## ISRO- SPADEX

ബഹിരാകാശ പര്യവേഷണ യാത്രയിൽ സുപ്രധാന നാഴികക്കല്ല് പിന്നിട്ട് ഇന്ത്യ. ISRO-യുടെ സ്പേഡെക്സ് സ്പേസ് ഡോക്കിംഗ് പരീക്ഷണത്തിലൂടെ കൂട്ടിച്ചേർത്ത ഇരട്ട ഉപഗ്രഹങ്ങളെ വിജയകരമായി വേർപെടുത്തിയതിലൂടെയാണ് ISRO പുതു ചരിത്രം കുറിച്ചത്. ഇന്നലെ രാവിലെ ഒമ്പത് മണിക്കുശേഷമാണ് ഉപഗ്രഹങ്ങളുടെ അൺഡോക്കിങ് പൂർത്തിയായത്. ഡോക്കിങ്ങ് പരീക്ഷണം വിജയിച്ചതോടെ ഈ സാങ്കേതിക വിദ്യ സ്വന്തമാക്കുന്ന നാലാമത്തെ രാജ്യമായി ഇന്ത്യയും ബഹിരാകാശ ഏജൻസിയായി ISRO-യും മാറി. വിജയത്തിൽ ISRO-യെ കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് അഭിനന്ദിച്ചു.

****************************************

## NAXALS SURRENDER

ഛത്തീസ്ഗഡിലെ ബിജാപൂർ ജില്ലയിൽ17 നക്സലൈറ്റുകൾ കീഴടങ്ങി. ഇതിൽ ഒൻപത് പേരുടെ തലയ്ക്ക് മൊത്തമായി 24 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. ദമ്പതികൾ ഉൾപ്പെട്ട സംഘം സിആർപിഎഫിനും പൊലീസിനും മുന്നിലാണ് ഹാജരായത്.

****************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും...

****************************************

## WAYANAD

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്ത പുനരധിവാസ പദ്ധതിക്കായി തയ്യാറാക്കിയ രണ്ടാംഘട്ട - എ ലിസ്റ്റിൽ

ആറുപേർ കൂടി ഉൾപ്പെട്ടു. 10, 11, 12 വാർഡുകളിലാണ് ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ രണ്ടുപേർ വീതം പുതുതായി ഉൾപ്പെട്ടത്. മൂന്ന് വാർഡുകളിലും ആയി 87 പേരാണ് രണ്ട് എ യിൽ ഉൾപ്പെട്ടത്.

**************************************

## WAYANAD-TOWNSHIP-HC

വയനാട് ദുരന്തബാധിതരായവരുടെ പുനരധിവാസത്തിനായി ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് നെടുമ്പാല എസ്റ്റേറ്റ് ഉടൻ ഏറ്റെടുക്കില്ലെന്ന് സംസ്ഥാന സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. പുനരധിവാസത്തിനായി എൽസ്റ്റൺ എസ്റ്റേറ്റ് ആണ് പരിഗണിക്കുന്നതെന്നും, സ്ഥലം തികയാതെ വന്നാൽ മാത്രമേ നെടുമ്പാല എസ്റ്റേറ്റ് ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കൂ എന്നും സർക്കാർ വ്യക്തമാക്കി. ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഹാരിസൺസ് മലയാളം കമ്പനി നൽകിയ അപ്പീൽ പരിഗണിക്കുകയായിരുന്നു ഹൈക്കോടതി. അതേസമയം വയനാട് മുണ്ടക്കൈ പുനരധിവാസ പദ്ധതി 2025-26 സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുമെന്ന് റവന്യൂ മന്ത്രി കെ രാജൻ. ദുരന്തത്തിനിരയായ അവസാന വ്യക്തിയെയും പുനരധിവസിപ്പിക്കുന്ന വിധത്തിൽ മാതൃകാപരമായി പദ്ധതി നടപ്പാക്കുമെന്നും അദ്ദേഹം വയനാട്ടിൽ പറഞ്ഞു.

**************************************

## ULTRAVIOLET RADIATION (INTRO)

അൾട്രാവയലറ്റ് വികിരണം ഉയർന്ന തോതിൽ രേഖപ്പെടുത്തുന്നതിനെ തുടർന്ന് പാലക്കാട് ജില്ലയിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രത നിർദ്ദേശം നൽകി.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.**

(വോയ്സ്...............)

*************************************

## TRIBAL CHILDREN

ഇടുക്കിയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട സഹോദരങ്ങളായ മൂന്ന് കുട്ടികളെ സുരക്ഷിതമല്ലാത്ത നിലയിൽ വനമേഖലയോട് ചേർന്ന പുഴയോരത്തുള്ള ഏറുമാടത്തിൽ കഴിയുന്നതായി കണ്ടെത്തി. ഇടുക്കി മാങ്കുളം ആനക്കുളത്തിന് സമീപം വല്യപാറക്കുടിയിലാണ് സംഭവം. മാങ്കുളം കുടുംബാരോഗ്യ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരാണ് ഏറുമാടത്തിൽ കഴിയുന്ന കുട്ടികളെ കണ്ടെത്തിയത്. ആരോഗ്യ വകുപ്പ് ജീവനക്കാരെത്തിയ സമയത്ത് 11 വയസുള്ള പെൺകുട്ടിയും ഏഴും ആറും വയസ്സ് പ്രായമുള്ള രണ്ട് ആൺകുട്ടികളും മാത്രമായിരുന്നു ഏറുമാടത്തിൽ ഉണ്ടായിരുന്നത്.

*************************************

## WORLD PARA ATHLETICS

ഡൽഹിയിൽ നടന്ന ലോക പാരാ അത്‌ലറ്റിക്സ് ഗ്രാൻഡ് പ്രിക്സിൽ ഇന്ത്യ മെഡൽ പട്ടികയിൽ ഒന്നാം സ്ഥാനത്ത്. 45 സ്വർണ്ണം, 40 വെള്ളി, 49 വെങ്കലം എന്നിവയുൾപ്പെടെ ആകെ 134 മെഡലുകളാണ് ഇന്ത്യ നേടിയത്. ട്രാക്ക്, ഫീൽഡ് ഇനങ്ങളിലെ മികച്ച പ്രകടനങ്ങളിലൂടെയാണ് ഇന്ത്യയുടെ നേട്ടം. പുരുഷ ഷോട്ട്പുട്ട് F11-F20 വിഭാഗത്തിൽ, എല്ലാ മെഡലുകളും ഇന്ത്യ സ്വന്തമാക്കി.

*************************************

## WOMENS PREMIER LEAGUE - CRICKET

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്നലെ നടന്ന എലിമിനേറ്റർ മത്സരത്തിൽ മുംബൈ ഇന്ത്യൻസ്, ഗുജറാത്ത് ജയന്റ്സിനെ 47 റൺസിന് പരാജയപ്പെടുത്തി,

ഫൈനൽ പ്രവേശനം നേടി. മുംബൈ ഉയർത്തിയ 213 റൺസിന്റെ വിജയലക്ഷ്യവുമായി ബാറ്റിങ്ങിനിറങ്ങിയ ഗുജരാത്ത് 166 റൺസ് എടുത്തപ്പോൾ എല്ലാവരും പുറത്താവുകയായിരുന്നു. നാളെ നടക്കുന്ന ഫൈനലിൽ മുംബൈ ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

*************************************

## GEORGE KURIAN

കോഴിക്കോട് കോർപ്പറേഷനിലെ ചേവരമ്പലം ഹെൽത്ത് ആന്റ് വെൽനസ് സെൻ്ററിൻ്റെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് നിർവഹിക്കും. മേയർ ബീനാ ഫിലിപ്പ് അധ്യക്ഷത വഹിക്കും.

*************************************

## SABARIMALA

മീനമാസ പൂജയ്ക്കായി ശബരിമല ക്ഷേത്രനട ഇന്നു വൈകുന്നേരം അഞ്ചിനു തുറക്കും. സന്നിധാനതെ മേൽപ്പാലം ഒഴിവാക്കിയുള്ള പുതിയ ദർശന രീതിയുടെ ട്രയൽ റൺ ഇന്നു നടക്കും. ഇന്നു വൈകിട്ട് അഞ്ചിനു തന്ത്രി കണ്ഠര് രാജീവരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺകുമാർ നമ്പൂതിരി നട തുറന്ന് ദീപം തെളിയിക്കും. നട തുറക്കുന്ന ഇന്ന് പൂജകളൊന്നുംതന്നെ ഉണ്ടാവില്ല.

***************************************************************************************************************

**************

*************************************